(ജി) തിരുവനന്തപുരം ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിൽ പുതിയ സോഫ്റ്റ്വെയർ പ്രവർത്തനം ആരംഭിച്ചു. ഇത് മറ്റ് കേന്ദ്രങ്ങളിലും ഘട്ടം ഘട്ടമായി നടപ്പാക്കുന്നതാണ്.

ലോ റിഫോംസ് കമ്മീഷൻ ശുപാർശകൾ

8 (5667) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് കമ്മിറ്റിയുടെ ഏതെല്ലാം ശുപാർശകൾ നടപ്പാക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത് ;

(ബി) അതിൽ ഏതെല്ലാം ശുപാർശകൾ നാളിതുവരെ നടപ്പാക്കി ;

(സി) ഇനി ഏതെല്ലാം ശുപാർശകൾ നടപ്പാക്കാനുണ്ട് ;

(ഡി) അവ എന്നത്തേക്ക് നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ;

(ഇ) അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് കമ്മിറ്റി സംസ്ഥാനത്തെ നിയമ പരിഷ്ക്കരണത്തെ സംബന്ധിച്ച് എന്തെല്ലാം ശുപാർഷകളാണ് നൽകിയിരുന്നതെന്ന് വിശദമാക്കുമോ ;

(എഫ്) ഇത് സംബന്ധിച്ച് സർക്കാർ ഏതെങ്കിലും കമ്മീഷനെ ചുമതലപ്പെടുത്തിയിരുന്നോ ;

(ജി) കമ്മീഷന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(എച്ച്) എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഐ) ലോ റിഫോംസ് കമ്മീഷന്റെ ഏതെല്ലാം ശുപാർശകൾ നടപ്പാക്കിയെന്ന് വ്യക്തമാക്കുമോ ;

(ജെ) ഇനി ഏതെല്ലാം ശുപാർശകൾ നടപ്പാക്കാനുണ്ട് ?

ഉത്തരം

(എ -ഡി) ഇ. കെ. നായനാർ ചെയർമാനായി രൂപീകരിച്ച മൂന്നാമത് ഭരണപരിഷ്ക്കാര കമ്മിറ്റി സമർപ്പിച്ച 15 റിപ്പോർട്ടുകളിൽ 1, 2, 3, 4, 6, 7, 8, 10, 11, 12, 13 നമ്പറുകളായുള്ള 11 റിപ്പോർട്ടുകളിലെ മിക്ക ശുപാർശകളും സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും അവ നടപ്പിലാക്കിവരുകയും ചെയ്യുന്നു. റവന്യു, ലാന്റ് ബോർഡ്, രജിസ്ട്രേഷൻ, സർവ്വേ ആന്റ് ലാന്റ് റിക്കോർഡ്സ്, സിവിൽ സപ്ലൈസ്, ലീഗൽ മെട്രോളജി എന്നീ വകുപ്പുകളുടെ പ്രത്യേക ഭരണ പരിഷ്കാരങ്ങൾ സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകൾ, ഉദ്യോഗസ്ഥതല പരിഷ്കാരം സംബന്ധിച്ച ഒൻപതാമത് റിപ്പോർട്ടിലെ ശുപാർശകൾ, സെക്രട്ടേറിയറ്റ് പരിഷ്കാരം

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് പതിനാലാമത് റിപ്പോർട്ടിലെ ശുപാർശകൾ, സർക്കാർ നവീകരണം സംബന്ധിച്ച പതിനഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകൾ എന്നിവ ഇനിയും നടപ്പാക്കാനുണ്ട്. ഇവ സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ - ജെ) കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുവാനും നിലവിലുള്ള എല്ലാ നിയമങ്ങളും പരിഷ്കരിക്കാനും ലളിതമാക്കാനും വേണ്ടി ഒരു ലോ കമ്മീഷൻ രൂപീകരിക്കാൻ ഏഴാമത് റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നു. 17-11-2007-ലെ ജി.ഒ. (എംഎസ്.) 253/2007/നിയമം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം റിട്ടയേർഡ് ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായി നിയമ പരിഷ്കരണ കമ്മീഷൻ രൂപീകരിക്കുകയും പ്രസ്തുത കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിയമ പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് പഠിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. കമ്മീഷൻ റിപ്പോർട്ട് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്.

മതപരിവർത്തനം നടത്തിയ വ്യക്തിക്ക് വോട്ടവകാശം

9 (5668) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മതപരിവർത്തനം നടത്തിയ വ്യക്തിക്ക് വോട്ടവകാശം ലഭിക്കുന്നതിന് നിയമതടസ്സമുണ്ടോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത വ്യക്തിക്ക് പുതിയ പേരിൽ വോട്ടവകാശം ലഭിക്കുന്നതിനുള്ള നടപടിക്രമം വിശദമാക്കുമോ ;

(സി) പുതുതായി പേര് ചേർക്കുന്നതിനും, പുതിയ ഐഡന്റിറ്റി കാർഡ് ലഭിക്കുന്നതിനും ഏതൊക്കെ അധികാരികൾ നൽകുന്ന എന്തൊക്കെ രേഖകളാണ് ഹാജരാക്കേണ്ടതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ & ബി) മതപരിവർത്തനം നടത്തിയ വ്യക്തിക്ക് വോട്ടവകാശം ലഭിക്കുന്നതിൽ നിയമതടസ്സമില്ല. നിലവിലുള്ള പേര് മാറ്റുന്നതിന് ആവശ്യമായ രേഖകൾ സഹിതം ഫോം നമ്പർ 8-ൽ ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് അപേക്ഷ സമർപ്പിച്ച് വോട്ടർപ്പട്ടികയിലും തിരിച്ചറിയൽ കാർഡിലും രേഖപ്പെടുത്തിയിട്ടുള്ള പേരിൽ മാറ്റം വരുത്താവുന്നതാണ്.

(സി) റേഷൻ കാർഡ്/ ഡ്രൈവിംഗ് ലൈസൻസ്/പാസ്പോർട്ട് തുടങ്ങി വാസസ്ഥലം തെളിയിക്കുന്നതിനുള്ള രേഖകളോ, അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽനിന്ന് ലഭിക്കുന്ന റസിഡൻഷ്യൽ സർട്ടിഫിക്കറ്റോ, കൂടാതെ വയസ്സ് തെളിയിക്കുന്നതിനുള്ള ആധികാരിക രേഖ കൂടി ഹാജരാക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly